"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അധിക വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt) No.15/2021/LSGD തീയതി,തിരുവനന്തപുരം, 04/01/2021

---

പരാമർശം:- 1 22.01.2020 -ലെ സ.ഉ.(സാധാ) നം. 171/2020/ തസ്വഭവ നമ്പർ ഉത്തരവ്

2 23.09.2020 -ലെ സ.ഉ.(സാധാ) നം. 1731/2020/ തസ്വഭവ നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.09.2020 ലെ 1492/A/2019/SM നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കോവിഡ് ബാധയുടെ പശ്ചാത്തലത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈബ്രറികളോടനുബന്ധിച്ചുള്ള ശൗചാലയ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നിർവ്വഹണ കാലാവധി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പ്രായോഗികമായുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ലൈബ്രറി കൗൺസിലിൽ അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം പണിയുന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) ലെ വ്യവസ്ഥകൾക്കൊപ്പം താഴെ പറയുന്ന അധിക വ്യവസ്ഥകൾ കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

1. പദ്ധതിയുടെ ഭാഗമായി രണ്ട് ടോയ്‌ലെറ്റുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒരു ടോയ്‌ലെറ്റ് മാത്രമാണ് നിർമ്മിക്കുന്നതെങ്കിൽ ചെലവ് ആനുപാതികമായി കുറയ്ക്കുന്നതാണ്

2. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ടോയ്‌ലറ്റ് പൊതു ജനങ്ങൾക്ക് കൂടി ഉപയോഗിക്കുവാൻ അനുവദിക്കാമെന്ന സമ്മതപത്രം ലൈബ്രറി ഭാരവാഹികൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

3. പദ്ധതി നിർവഹണം ശുചിത്വ മിഷൻ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ മേൽ നോട്ടത്തിൽ കൂടി നടത്തേണ്ടതാണ്.

4. ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ ഗുണഭോക്തൃ സമിതി കൺവീനറായി അതാത് തദ്ദേശസ്ഥാപനത്തിലെ നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ ഒപ്പിടേണ്ടതാണ്.

5. അംഗീകൃതമാതൃക, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക സഹായം, മേൽ നോട്ടം എന്നിവ കോസ്റ്റ്ഫോർഡ് വഴി നടത്താവുന്നതാണ്.

6. ടി പ്രവർത്തികൾക്ക് സെൻറേജ് ചാർജായി പ്രോജക്ട് കോസ്റ്റിൻറെ 5% (അഞ്ച് ശതമാനം) കോസ്റ്റ് ഫോർഡിന് നൽകാവുന്നതാണ്.

7. 20% തുക അഡ്വാൻസായി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതിക്ക് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനം അനുവദിക്കേണ്ടതാണ്

8. കോസ്റ്റ് ഫോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എസ്റ്റിമേറ്റിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ എൻജിനീയറുടെ അറിവിലേക്കായി നൽകണം. പ്രവൃത്തി തുടങ്ങുന്ന വിവരവും ലൈബ്രറി ഗുണഭോക്തൃ സമിതി കൺവീനർ എൻജിനീയറെ അറിയിക്കണം. ഗുണഭോക്തൃ സമിതി എസ്റ്റിമേറ്റ് പ്രകാരം നിർമാണം പൂർത്തിയാക്കണം. കോസ്റ്റ്ഫോർഡ് ബില്ല് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ എൻജിനിയർക്ക് നൽകണം. എൻജിനീയർ ബില്ല് പരിശോധിച്ച് ശുപാർശയോട് കൂടി അതാത് തദ്ദേശസ്വയംഭരണ സ്ഥാപന നിർവഹണ ഉദ്യോഗസ്ഥന് കൈമാറണം. ബിൽ പാസ്സാക്കി അലോട്ട്മെൻറ് വഴി തുകമാറി ഗുണഭോക്തൃ സമിതി ചെയർമാന് നല്കണം. സെൻറേജ് ചാർജ് കോസ്റ്റ് ഫോർഡിനും നൽകണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (A&E) കേരള തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (GSSA/ERSA) കേരള തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ , ഐ&പി.ആർ.ഡി/ വബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്